**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6539 21/11/2019 ൽ മറുപടിയ്ക്ക്**

**ഹൈസ്കൂളുകളിലെ ശുചീകരണ വിഭാഗം ജീവനക്കാരുടെ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ. ദാസൻ | | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹൈസ്കൂളുകളിലെ ശുചീകരണ വിഭാഗം (എഫ്.ടി.സി.എം.) ജീവനക്കാർ വേണ്ടത്ര ഇല്ലാതെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിലെ നിരവധി സർക്കാർ ഹൈസ്കൂളുകളിൽ ഈ തസ്തികയിൽ ജീവനക്കാരില്ലാത്തത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; അറിയിക്കുമോ; | (ബി) | പൊതു വിദ്യാഭ്യാസ ഡയറക്ടറുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നതാണ് |
| (സി) | പി.ടി.സി.എം. ന്റെ പ്രമോഷൻ തസ്തികയായ എഫ്.ടി.സി.എം. തസ്തികയിലേക്ക് സർവ്വീസ് ദൈർഘ്യം പ്രതീക്ഷിച്ച് പ്രമോഷൻ നിരാകരിക്കുന്നത് മൂലമാണോ പ്രസ്തുത തസ്തികയിൽ വേണ്ടത്ര ജീവനക്കാരെ ലഭിക്കാത്തതിന് കാരണം; വിശദമാക്കാമോ; | (സി) | പി.റ്റി.സി.എം ജീവനക്കാർക്ക് 70 വയസ്സു വരെ സർവ്വീസിൽ തുടരാൻ കഴിയുമെന്നതിനാൽ എഫ്.റ്റി.സി.എം തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് സമ്മതപത്രം നൽകുന്ന പി.റ്റി.സി.എം ജീവനക്കാരുടെ എണ്ണം വളരെ കുറവാണ്. |
| (ഡി) | ഭൗതിക വികസന രംഗത്ത് മുന്നേറ്റങ്ങൾ കൈവരിച്ച സർക്കാർ ഹൈസ്കൂളുകൾക്ക് ശുചിത്വം നിലനിർത്താൻ ഈ തസ്തികയിലേക്ക് താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ അനുമതി നൽകുമോ; വിശദമാക്കാമോ; | (ഡി) യും (ഇ) യും | പരിശോധിക്കുന്നതാണ്. |
| (ഇ) | ഇല്ലെങ്കിൽ ഈ അപര്യാപ്തത മറികടക്കാൻ എന്തെല്ലാം നടപടികൾക്കാണ് സർക്കാർ ആലോചിക്കുന്നത്; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ